പശ്ചിമഘട്ട വികസന പദ്ധതി

467 [824] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനത്തെ പശ്ചിമഘട്ട വികസന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(സി) ഇതിലേക്കായി ഏത്ര രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്;

(ഡി) ആറാം പദ്ധതിക്കാലത്ത് പശ്ചിമഘട്ട വികസന പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയത്;

(ഇ) ഇതിൽ ഏത്ര രൂപ ചെലവായി;

(എഫ്) ചെലവാക്കാതെയിരുന്നത് ഏതെല്ലാം ഇനങ്ങളിലാണ്;

(ജി) ഗ്രാമീണ റോഡുകളുടെ നിർമ്മാണംകൂടി പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏഴാം പദ്ധതിയുടെ ആദ്യവർഷമായ 1985–86–ൽ താഴെ പ്രസ്താവിക്കുന്ന പദ്ധതികളാണ് പശ്ചിമഘട്ടവികസന പരിപാടിയിൻ കീഴിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു) † ഇതിൽ മുൻവർഷങ്ങളിൽ ആരംഭിച്ച് തുടർന്നുവരുന്ന പദ്ധതികളും, ഈ വർഷം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. ഏഴാം പദ്ധതിക്കാലത്തെ മൊത്തം അടങ്കൽ തുക ഇതുവരെ നിശ്ചയിച്ചിട്ടില്ല. എന്നാൽ 1985–86 വർഷത്തേയ്ക്ക് പശ്ചിമഘട്ടവികസന പരിപാടിയുടെ കീഴിൽ ഉള്ള പദ്ധതികൾക്കായി 563 ലക്ഷം രൂപ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുണ്ട്.

(ബി), (സി) കണ്ണൂർ ജില്ലയിൽ ഇപ്പോൾ നിലവിലുള്ളത് കൊളക്കാട് വാട്ടർഷെഡ് പദ്ധതിയാണ്. കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ 1984–85–ൽ ആരംഭിച്ച ഈ പദ്ധതി 1987–88 വർഷത്തിൽ പൂർത്തിയാകും.

1985–86 വർഷത്തിൽ ഈ പദ്ധതിക്ക് 11.96 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്.

(ഡി) ആറാം പദ്ധതിക്കാലത്ത് മൊത്തം അനുവദിച്ച തുക 1863.99 ലക്ഷം രൂപയാണ്.

(ഇ) അനുവദിച്ച 1863.99 ലക്ഷം രൂപയും ചെലവു ചെയ്തു.

(എഫ്) ചോദ്യം ഉദിയ്ക്കുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗ്രാമീണ റോഡുകളുടെ നിർമ്മാണം പ്ലാനിംഗ് കമ്മീഷൻ പശ്ചിമഘട്ട വികസന പദ്ധതികളുടെ ആവിഷ്കരണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പരിധിക്കുള്ളിൽ ഉൾപ്പെടുന്നില്ല.

ഹരിജനക്ഷേമ വകുപ്പിൽനിന്നുള്ള സാമ്പത്തിക സഹായം കൊണ്ടു സ്ഥാപിക്കുന്ന വ്യവസായങ്ങൾ

468 [825] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹരിജനക്ഷേമ വകുപ്പിൽനിന്നും സാമ്പത്തിക സഹായം നൽകിക്കൊണ്ട് എത്ര വ്യവസായങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) ഈ വ്യവസായ സ്ഥാപനങ്ങളുടെ പേരും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ പേരുമടങ്ങുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ, ബി) പട്ടികജാതിയിൽപ്പെട്ട തൊഴിൽ രഹിത വ്യവസായ സംരംഭകർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പരമാവധി 15,000 രൂപ വരെ ഹരിജന ക്ഷേമവകുപ്പിൽനിന്നും പലിശ രഹിത വ്യവസായ വായ്പയായി നൽകുന്ന ഒരു പദ്ധതി 84-85 വർഷാവസാനം വരെ നിലവിലുണ്ടായിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മേൽപറഞ്ഞ പദ്ധതിയനുസരിച്ച് സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരും സ്ഥാപിച്ച സ്ഥലത്തിൻെറ പേരും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രാതിനിധ്യം

469 [826] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽ നിന്നോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ നേരിട്ട് ഗവൺമെൻറ് ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളിലും കമ്പനികളിലും മാസശമ്പളത്തിനും ദിവസക്കൂലിക്കുമായി സ്ഥിരമായും താൽക്കാലികമായും ഒഴിവുകളിൽ നിയമനം നടത്തുമ്പോൾ ഹരിജൻ ഗിരിജൻ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാട്ടർ ആൻറ് വേസ്റ്റ്വാട്ടർ അതോറിറ്റി, കേരള പ്രിമോപൈപ്പ് ഫാക്ടറി തുടങ്ങിയ സ്ഥാപനങ്ങളിലെ മാസശമ്പളത്തിനും ദിവസക്കൂലിക്കും നിശ്ചയിച്ച ജീവനക്കാരിൽ പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം–I

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 812 കാണുക]

6–6–1983–ൽ പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ലയിലെ ലോവർഡിവിഷൻ ക്ലർക്കുമാരുടെ റാങ്ക്ലിസ്റ്റിൽനിന്നും 10–9–1985വരെ നിയമനത്തിന് പി.എസ്.സി. ശുപാർശ ചെയ്തവരുടെ ജാതി തിരിച്ചുള്ള കണക്ക്.

മുന്നോക്ക വിഭാഗം	521
ഈഴവ	180
പട്ടികജാതി	51
പട്ടികവർഗ്ഗം	15
മുസ്ലീങ്ങൾ	145
ആംഗ്ലോ ഇൻഡ്യനും ലത്തീൻ കത്തോലിക്കരും	45
മറ്റു പിന്നോക്കവിഭാഗം	58
വിശ്വകർമ്മ	36
നാടാർ	53
മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ	15
ധീവര	11
ആകെ	1140

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 824 കാണുക]

1. കുറ്റിയാടി പ്രദേശത്തെ പരിസര വികസനം.
2. ഇടുക്കി ജില്ലയിലെ അയ്യപ്പൻ കോവിലുള്ള ഉപസംഭരണപ്രദേശങ്ങളിലെ മണ്ണുജല സംരക്ഷണ സംയോജിത പദ്ധതി.
3. പശ്ചിമ ഘട്ടത്തിൽച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലേക്കുള്ള വിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
4. വെങ്ങോല പഞ്ചായത്തിലെ കദളിക്കുന്ന് ഒട്ടത്താനിക്കുന്ന് പ്രദേശത്തെ സംയോജിത വികസനം.
5. ഇടുക്കി ജില്ലയിലെ വാട്ടർഷെഡിന്റെ സംയോജിത വികസനം.
6. പുല്ലുമേടുകളുടെ വികസനത്തിനും ഹൈറേഞ്ചുകളിലെ കന്നുകാലിക്കുവേണ്ടിയുള്ള തീറ്റ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി.
7. Conservation, Preservation and multiplication of orchids in Kerala.
8. ഏഴാം പദ്ധതിക്കാലത്ത് നടത്തേണ്ട വനസംബന്ധിയായ പദ്ധതികൾക്കുവേണ്ടിയുള്ള പ്രാഥമിക നടപടി.

LIBRARY ARCHIVES Kerala Legislative Assembly

1. തുടരുന്ന പദ്ധതികൾ

(എ) വാട്ടർഷെഡ് പദ്ധതികൾ

പേര്

1. ചെറുപുഴ വാട്ടർഷെഡ്
2. ചെമ്പൻകുഴിവാട്ടർഷെഡ്
3. പുരവിമല വാട്ടർഷെഡ്
4. ചെന്തനാർ വാട്ടർഷെഡ്
5. എരുമപ്പാറ വാട്ടർഷെഡ്
6. മഞ്ഞയിൻ അരുവിവാട്ടർഷെഡ്
7. മങ്കട മലവാരം വാട്ടർ ഷെഡ്
8. പുലിക്കുഴിവാട്ടർഷെഡ്
9. ചാത്തമറ്റം വാട്ടർഷെഡ്
10. പുല്ലുവാഴിവാട്ടർഷെഡ്
11. കോരോട്ടുപ്പാറവാട്ടർഷെഡ്
12. കോലയാഡ് വാട്ടർഷെഡ്
13. ഇടത്തോട് വാട്ടർഷെഡ്
14. മാമ്പയിൻ മൈക്രോവാട്ടർഷെഡ്
15. ദേവിയാർ വാട്ടർഷെഡ്
16. മൈലമൂട് വാട്ടർഷെഡ്
17. മണിത്തോക്കി വാട്ടർഷെഡ്
18. സോയിൽ സർവ്വേ പ്രോജക്ട്

(ബി) വനപദ്ധതികൾ

1. വനം ഏകീകരണം
2. തേക്കുമരങ്ങളിൽ നിന്നും ഇത്തിൾ വെട്ടി നീക്കൽ
3. വനം പരിരക്ഷിക്കുന്നതിനുള്ള നടപടികൾ

പുതിയ സ്കീമുകൾ

1. വാട്ടർഷെഡുകൾ

(എ) ഉമ്മത്തൂർ വാട്ടർഷെഡിന്റെ സംയോജിത വികസനം

(ബി) കോക്കോത്തോട് വാട്ടർഷെഡിന്റെ സംയോജിത വികസനം

(സി) പാമ്പാർ വാട്ടർഷെഡിന്റെ സംയോജിത വികസനം.

മൊത്തം വാട്ടർ ഷെഡുകൾ

മറ്റു സ്കീമുകൾ

2. ഇടുക്കിജില്ലയിലെ ഏലംകൃഷിചെയ്യുന്ന പ്രദേശത്തെ ജല വിഭവവികസനത്തിന് വേണ്ടിയുള്ള പ്രാഥമിക നടപടികൾ.

3. വനംവകുപ്പിന്റെ കീഴിൽ വനവൽകരണത്തിനുവേണ്ടി വിവിധയിനം വൃക്ഷത്തൈകൾ വൻതോതിൽ വച്ചു പിടിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly